## 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1097** **29-08-2022 - ൽ മറുപടിയ്ക്ക്**

## പുളിമാത്ത്, നഗരൂർ, കരവാരം സമഗ്ര കുടിവെള്ള പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | പുളിമാത്ത്, നഗരൂർ, കരവാരം ഗ്രാമപഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നപടികൾ എന്തെല്ലാമാണ്; | (എ) | **പുളിമാത്ത്, കരവാരം, നഗരൂർ പഞ്ചായത്തുകളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതിയ്ക്ക് 07.02.2019-ൽ കിഫ്ബി വഴി 81.81 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിവിധ ഘടകങ്ങൾ നിർമ്മിക്കുന്നതിന് ഏഴിടത്തായി ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ടായിരുന്നു. ഇതിനുള്ള അപേക്ഷകൾ 06.04.2019-ൽ ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും, നടപടികളെല്ലാം പൂർത്തീകരിച്ച് നെടുമ്പറമ്പ് കാട്ടിൽ സ്കൂൾ പരിസരത്തെതൊഴികെ ബാക്കിയുള്ള സ്ഥലങ്ങളെല്ലാം ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ സാങ്കേതികാനുമതി ലഭ്യമാക്കി ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.** |
| (ബി) | പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ? | (ബി) | **പദ്ധതിയുടെ വിവിധ ഘടകങ്ങൾ നിർമ്മിക്കുന്നതിന് അഞ്ചിടത്തായി റവന്യൂ ഭൂമിയും, രണ്ടിടത്ത് സ്വകാര്യ ഭൂമിയും ഏറ്റെടുക്കേണ്ടതായിട്ടുണ്ടായിരുന്നു. സംപ്പം, പമ്പ്ഹൗസും നിർമ്മിക്കുന്നതിന് കരവാരം വില്ലേജിലെ പാവല്ല എന്ന സ്ഥലത്ത് 10 സെന്റ്, ഉപരിതല ജലസംഭരണികൾ നിർമ്മിക്കുന്നതിന് നഗരൂർ വില്ലേജിലെ പാറമുക്ക് എന്ന സ്ഥലത്ത് 25 സെന്റ്, വെള്ളല്ലൂർ വില്ലേജിലെ നെല്ലിക്കുന്നിൽ 25 സെന്റ്, കടൽകാണിപ്പാറയിൽ 15 സെന്റ്, ജലശുദ്ധീകരണ ശാലയുടെ നിർമ്മാണത്തിനായി പുളിമാത്ത് വില്ലേജിലെ കുറ്റിമൂടിൽ 75 സെന്റ് എന്നിവയാണ് ഏറ്റെടുക്കേണ്ടിയിരുന്ന റവന്യൂ വകുപ്പിന്റെ സ്ഥലങ്ങൾ. ടി റവന്യൂ ഭൂമികളിൽ പണി തുടങ്ങുവാനുള്ള അനുമതി ജില്ലാ കളക്ടർ നൽകിയിട്ടുണ്ട്. എന്നാൽ നെല്ലിക്കുന്നിൽ കണ്ടെത്തിയ സ്ഥലം കോടതി വ്യവഹാരത്തിലൂടെ സ്വകാര്യ വ്യക്തിയ്ക്ക് കൈവശപ്പെട്ടതിനാൽ, പകരം നെടുമ്പറമ്പ് കാട്ടിൽ സ്കൂൾ പരിസരത്തെ സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തുകയും അത് ലഭ്യമാക്കുന്നതിനുള്ള അപേക്ഷ നൽകുകയും** |

| | | | |
|---|---|---|---|
| | | | **ചെയ്തിരുന്നു. എന്നാൽ ഇതുവരെയും പ്രസ്തുത സ്ഥലം ലഭ്യമായിട്ടില്ല. ഉപരിതലജലസംഭരണി നിർമ്മിക്കുന്നതിന് വണ്ടിത്തട മെന്ന സ്ഥലത്ത് 15 സെന്റ് സ്ഥലവും, കിണറും, പമ്പ്ഹൗസും നിർമ്മിക്കുന്നതിന് വാമനപുരം വില്ലേജിലെ ആനാകുടിയെന്ന സ്ഥലത്ത് വാമനപുരം നദിയോട് ചേർന്ന് 25 സെൻറ് സ്ഥലവും സ്വകാര്യ വ്യക്തികളിൽ നിന്നും ഏറ്റെടുക്കേണ്ടതായിട്ടുണ്ടായിരുന്നു. അത് ലഭ്യമായിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ